ക്ഷീര സഹകരണ സംഘങ്ങൾ

1802 [2727] ശ്രീ. എൻ. ശക്തൻ നാടാർ :
,, മണിമംഗലത്തു കുട്ടപ്പലി
,, പി. പി. തങ്കച്ചൻ :
,, സെറീഫൻ പാദുവ :
,, കെ. എസ്. നാരായണൻ നമ്പൂതിരി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് ഇപ്പോൾ എത്ര ക്ഷീര സഹകരണസംഘങ്ങൾ പ്രവർത്തിക്കുന്നുണ്ട്;

(ബി) കഴിഞ്ഞ നാലുവർഷക്കാലമായി ഇവ എന്തൊക്കെ ഇനങ്ങളിലായി സഹായധനം നൽകി ?

ഉത്തരം

(എ) 1295.

(ബി) മാനേജിരിയൽ സബ്സിഡി, വർക്കിംഗ് കാപ്പിറൽ, ഷെയർ കാപ്പിറൽ, കോൺട്രിബ്യൂഷൻ, ബിൽഡിംഗ് കം കളക്ഷൻ റൂം നിർമ്മാണഗ്രാൻറ്, ഫോഡർബാങ്ക് നിർമ്മാണ ഗ്രാൻറ്, മിൽക്ക് കാനുകൾ, പാലു പരിശോധന ഉപകരണങ്ങൾ വാങ്ങുന്നതിനുള്ള സബ്സിഡി എന്നീ ഇനങ്ങളിൽ.

മാവു കാലിലെ ചില്ലിംഗ് പ്ലാൻറ്

1803 [2728] ശ്രീ. കെ. പുരുഷോത്തമൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കാസർഗോഡ് ജില്ലയിൽ ഹോസ്ദുർഗ് താലൂക്കിൽ അരാനൂർ പഞ്ചായത്തിൽ മാവുകാലിൽ സ്ഥാപിക്കുന്ന ചില്ലിംഗ് പ്ലാൻറ് എന്നു പ്രവർത്തിച്ചു തുടങ്ങും;

(ബി) കെട്ടിടത്തിൻറെയും യന്ത്രങ്ങൾ സ്ഥാപിക്കുന്നതിൻറെയും പ്രവൃത്തി പൂർത്തിയായിരിക്കെ, പ്ലാൻറിൻറെ പ്രവർത്തനം ആരംഭിക്കാത്തതെന്തുകൊണ്ടാണെന്നു വ്യക്തമാക്കുമോ ?

ഉത്തരം

(എ) പ്രസ്തുത ശീതീകരണശാല ഈ സാമ്പത്തികവർഷാവസാനം പ്രവർത്തിച്ചു തുടങ്ങുമെന്നു പ്രതീക്ഷിക്കുന്നു.

(ബി) പൂർണ്ണമായി പ്രവർത്തിക്കുന്നതിനാവശ്യമായ സ്ഥിരമായ വൈദ്യുതീകരണം, ജലവിതരണ ക്രമീകരണങ്ങൾ ഇവ പൂർത്തിയാകാത്തതാണ് പ്രവർത്തിച്ചു തുടങ്ങുന്നതിനുള്ള കാലതാമസത്തിനു കാരണം.

LIBRARY ARCHIVES Kerala Legislative Assembly